## Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

# സമാധാനത്തിന് മതമില്ല വത്തിക്കാനിൽ സുരക്ഷിതത്വം കണ്ടെത്തിയ മുസ്ലീം അഭയാർത്ഥികൾ



വത്തിക്കാൻ: എല്ലാം ഒരു സ്വപ്നം പോലെ തോന്നുന്നു, മനോഹരമായ സ്വപ്നം പോലെ നൂർ എസ്സായുടേതാണ് ഈ വാക്കുകൾ. ലെസ്ബോസ് സന്ദർശനം കഴിഞ്ഞ് ഫ്രാൻസിസ് മാർപാപ്പ വത്തിക്കാനിലേക്ക് കൂട്ടിക്കൊണ്ടുവന്ന പന്ത്രണ്ട് സിറിയൻ അഭയാർത്ഥികളിൽ ഒരു കുടുംബം നൂറയുടേതും ഹാസന്റേതുമാണ്. എല്ലാം ഇനി ഒന്നിൽ നിന്ന് ആരംഭിക്കണം. മകന് നല്ല ഒരു പ്രീ സ്കൂൾ കണ്ടെത്തണം. രണ്ടുവയസുകാരനായ മകൻ റിയാദിനെക്കുറിച്ചുള്ള ആശങ്കകളും സ്വപ്നങ്ങളും പങ്കുവയ്ക്കുകയാണ് ഈ മാതാപിതാക്കൾ.

നൂർ എസാ മൈക്രോ ബയോളജിസ്റ്റാണ്. ഫ്രാൻസിസ് മാർപാപ്പയുടെ അവസാനമിനിറ്റിലെ തീരുമാനമായിരുന്നു എസായെയും കുടുംബത്തെയും വത്തിക്കാനിലേക്ക് കൂട്ടിയത്. അങ്ങനെയാണ് മറ്റ് രണ്ടു കുടുംബങ്ങൾക്കൊപ്പം ഇവരും വത്തിക്കാനിലെത്തിയത്. മുസ്ലീമായതുകൊണ്ടല്ല ഈ കുടുംബങ്ങളെ വത്തിക്കാനിലേക്ക് കൂട്ടിയത് എന്ന് ഫ്രാൻസിസ് മാർപാപ്പ പത്രലേഖകരോട് പറഞ്ഞിരുന്നു. അവരുടെ പേപ്പറുകൾ ശരിയായിരുന്നു.

അവിശ്വസനീയമായിരുന്നു പോപ്പ് ഞങ്ങളെ തിരഞ്ഞെടുത്തത് എന്നാണ് സുഹൈലയുടെ പ്രതികരണം. അദ്ദേഹം ഞങ്ങളുടെ ജീവിതം രക്ഷിച്ചു. അദ്ദേഹം ഒരു മാലാഖയാണ്. തന്റെ കുഞ്ഞുങ്ങളുടെ ജീവൻരക്ഷിച്ച പിതാവാണ്. സുഹൈലയ്ക്ക് മാർപാപ്പയെക്കുറിച്ച് പറയാൻ നൂറ് നാവ്. അഭയാർത്ഥികൾ വെറും നമ്പറല്ല അവർക്ക് മുഖമുണ്ട്, പേരുണ്ട്, കഥകളുണ്ട്. അതുകൊണ്ട് അവരെ അതുപോലെ പരിഗണിക്കണം എന്നായിരുന്നു ഏപ്രിൽ 16 ലെ പോപ്പിന്റെ ട്വീറ്റ്.

മറ്റേതൊരു മുസ്ലീം മതനേതാവിനെക്കാളും അറബ് നേതാവിനെക്കാളും വലിയ ആളാണ് ഫ്രാൻസിസ് മാർപാപ്പയെന്നും അദ്ദേഹം വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് ഞങ്ങൾക്ക് വേണ്ടി ചെയ്തതെന്നും നൂർ എസാ പറയുന്നു. അദ്ദേഹം യഥാർത്ഥ മനുഷ്യസനേഹിയാണ്. അദ്ദേഹം മറ്റാരെയും പോലെയല്ല. ഫ്രാൻസിസ് മാർപാപ്പ ലോക സമാധാനത്തിന്റെ പിതാവാണ്. സമാധാനത്തിന് യാതൊരു മതവുമില്ല. തനിക്ക് ഇറ്റാലിയൻ ജനതയോട്

പറയാനുള്ളത് ഇതാണെന്ന് നൂർ എസാ പറയുന്നു, ഞങ്ങൾ നിങ്ങളെപോലെ സാധാരണക്കാരാണ്. ഞങ്ങൾ ഭീകരരല്ല, ജിഹാദികളല്ല..യുദ്ധം മൂലമാണ് ഞങ്ങൾ രാജ്യം വിട്ടുപോന്നത്.ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നു.

കടപ്പാട് : hrudayavayal.com